"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

0 9 NOV 2020

15 YEARS OF CELEBRATING THE MAHATMA

## സംഗ്രഹം

ആ.കു.വ - മെ.വി.വ - ജീവനക്കാര്യം - കോട്ടയം സർക്കാർ മെഡിക്കൽ കോളേജിലെ നെഫ്രോളജി വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ ഡെപ്യൂട്ടേഷനിൽ തുടർന്നു വരുന്ന ഡോ.ഉണ്ണികൃഷ്ണൻ രാമചന്ദ്രൻ.വി - യുടെ ഡെപ്യൂട്ടേഷൻ കാലാവധി ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ആരോഗ്യകുടുംബക്ഷേമ (എസ്) വകുപ്പ്

**സ.ഉ.(സാധാ) നം.2077/2020/ആ.കു.വ** തീയതി,തിരുവനന്തപുരം, 06/11/2020

---

പരാമർശം:- 1) 07/12/2016 – ലെ സ.ഉ(സാ.ധാ) 3280/2016/ആ.കു.വ നമ്പർ ഉത്തരവ്

2) 20/12/2017 – ലെ സ.ഉ(സാ.ധാ) 3587/2017/ആ.കു.വ നമ്പർ ഉത്തരവ്

3) 03/12/2018 – ലെ സ.ഉ(സാ.ധാ) 3589/2018/ആ.കു.വ നമ്പർ ഉത്തരവ്

4) 23/11/2019 – ലെ സ.ഉ(സാ.ധാ) 2821/2019/ആ.കു.വ നമ്പർ ഉത്തരവ്

5) ഡോ.ഉണ്ണികൃഷ്ണൻ രാമചന്ദ്രൻ.വി - യുടെ 03/09/2020 - ലെ അപേക്ഷ

6) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 27/10/2020തീയതിയിലെ എഫ്6/3316/2020/മെ.വി.വ നമ്പർ കത്ത്

## ഉത്തരവ്

ഇടുക്കി ജില്ലയിലെ അടിമാലി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ ജൂനിയർ കൺസൾട്ടന്റായ ഡോ.ഉണ്ണികൃഷ്ണൻ രാമചന്ദ്രൻ.വി - യ്ക്ക്, ഡെപ്യൂട്ടേഷന്റെ നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി പരാമർശം 1 - ലെ ഉത്തരവ് പ്രകാരം കോട്ടയം സർക്കാർ മെഡിക്കൽ കോളേജിലെ നെഫ്രോളജി വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്ക് ഡെപ്യൂട്ടേഷൻ അനുവദിച്ച ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരാമർശം 2, 3, 4 എന്നിവയിലെ ഉത്തരവുകൾ പ്രകാരം ഡെപ്യൂട്ടേഷൻ ദീർഘിപ്പിച്ചും നൽകിയിരുന്നു. അനുവദിച്ചിരുന്ന ഡെപ്യൂട്ടേഷൻ കാലാവധി 16/12/2020 ൽ അവസാനിക്കുന്നതിനാൽ ഡെപ്യൂട്ടേഷൻ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ചു നൽകണമെന്ന് ഡോ.ഉണ്ണികൃഷ്ണൻ രാമചന്ദ്രൻ.വി പരാമർശം 5 പ്രകാരം അപേക്ഷിച്ചിട്ടുണ്ട്. ടിയാന്റെ ഡെപ്യൂട്ടേഷൻ കാലാവധി 17/12/2020 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ചു നൽകാവുന്നതാണെന്ന് പരാമർശം 6 പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ടിയാന് ഡെപ്യൂട്ടേഷൻ ദീർഘിപ്പിച്ചു നൽകുന്നതിൽ ആരോഗ്യ വകുപ്പിന് തടസമില്ലായെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടറും അറിയിച്ചിട്ടുണ്ട്.

2) ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യങ്ങളെല്ലാം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യവകുപ്പിലെ ജൂനിയർ കൺസൾട്ടന്റും നിലവിൽ കോട്ടയം സർക്കാർ മെഡിക്കൽ കോളേജിലെ നെഫ്രോളജി വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ ഡെപ്യൂട്ടേഷനിൽ തുടർന്നു വരുന്നതുമായ ഡോ.ഉണ്ണികൃഷ്ണൻ രാമചന്ദ്രൻ.വി - യുടെ ഡെപ്യൂട്ടേഷൻ

കാലാവധി 17/12/2020 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) അനുമതിയില്ലാതെ അന്യത്ര സേവന വ്യവസ്ഥയിൽ തുടരുന്നത് കെ.എസ്.ആർ ഭാഗം 1 ചട്ടം 140(C) പ്രകാരം അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന് കാരണമാകുന്നതും, ഇക്കാലയളവിൽ അർഹമാകുന്ന ഇൻക്രിമെന്റ് മാതൃവകുപ്പിൽ തിരികെ പ്രവേശിക്കുന്നതുവരെ സഞ്ചിത ഫലത്തോടെ മാറ്റിവെയ്ക്കപ്പെടുന്നതും, ഇക്കാലയളവ് പെൻഷൻ അനുകൂല്യങ്ങൾക്കായി കണക്കാക്കുകയോ മുൻകാല-പ്രാബല്യത്തോടെ ക്രമീകരിച്ച് നൽകുകയോ ചെയ്യുന്നതുമല്ല. കൂടാതെ നിലവിലെ അന്യത്ര സേവന കാലയളവ് അവസാനിച്ച് കഴിഞ്ഞും അനുമതിയില്ലാതെ തുടർന്നാൽ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും കൈപ്പറ്റുന്നത് തടയപ്പെടുന്നതുമാണ്. ഡെപ്യൂട്ടേഷൻ ദീർഘിപ്പിച്ച് സർക്കാർ ഉത്തരവാകാത്ത പക്ഷം അനുവദിച്ച അന്യത്ര സേവനകാലം അവസാനിക്കുന്ന മുറയ്ക്ക് ഡോ.ഉണ്ണികൃഷ്ണൻ രാമചന്ദ്രൻ.വി - യെ വിടുതൽ ചെയ്ത് മാതൃവകുപ്പിലേക്ക് തിരിച്ചയയ്ക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ദിലീപ്.സി.ഡി**

**ഡെപ്യൂട്ടിസെക്രട്ടറി**

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

ഡോ.ഉണ്ണികൃഷ്ണൻ രാമചന്ദ്രൻ.വി, അസിസ്റ്റന്റ് പ്രൊഫസർ (ഡെപ്യൂട്ടേഷൻ) , നെഫ്രോളജി വിഭാഗം, സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), ഇടുക്കി

സൂപ്രണ്ട്, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, അടിമാലി, ഇടുക്കി

പ്രിൻസിപ്പൽ, സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്), കേരളം, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരളം, തിരുവനന്തപുരം

വെബ്&ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, സെക്രട്ടറിയറ്റ്

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

പകർപ്പ്:

ആരോഗ്യവും സാമൂഹ്യനീതിയും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signature valid
Digitally signed by KISHOR KUMAR K V
Date: 2020.11.06 15:47:24 IST
Reason: Approved

സെക്ഷൻ ഓഫീസർ

ഡെപ്യൂട്ടേഷൻ നം. ഇ2/... 81444/2020 ... തീയതി. 13.11.

... അറിവിലേക്കും ... നടപടികൾക്കുമായി ... അയക്കുന്നു.

13/11/20..

ആരോഗ്യ വകുപ്പ് ഡയറക്ടർക്കു ...

13/11